Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നം. 39520/എഫ്എം3/2012/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്,
തിരുവനന്തപുരം, തീയതി: 30.06.2012.

# സർക്കുലർ

വിഷയം:- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന - സംബന്ധിച്ച്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജീവിതത്തിന്റെ വിവിധ തുറകളിലുള്ള അശരണരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുമായവർക്ക് അടിയന്തര ധനസഹായം നൽകി വരുന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന സംഭാവനകളും സംസ്ഥാന സർക്കാരിൽ നിന്നും നൽകുന്ന സഹായം വഴിയുമാണ് ഈ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നത്. അപേക്ഷകൾ ക്രമാതീതമായി വർധിക്കുന്നുണ്ടെങ്കിലും അർഹിക്കുന്ന എല്ലാവർക്കും ധനസഹായം നൽകുവാൻ ഈ ഫണ്ട് തികച്ചും അപര്യാപ്തമായിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും ഈ നിധിയിലേയ്ക്ക് പരമാവധി സംഭാവന നൽകണമെന്ന് നിർദ്ദേശിക്കുന്നു.

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ നഗരസഭകൾക്കും / കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.